**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 695 | 04.03.2020-ൽ മറുപടിക്ക്

## വനാവകാശ നിയമം നടപ്പിലാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാനം ഏറെ പിന്നിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ; ഇല്ലെങ്കിൽ ഇതിനകം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാനം ഏറെ പിന്നിലാണെന്ന ആക്ഷേപം വസ്തുതാപരമല്ല. വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ 661 വനാവകാശ കമ്മിറ്റികൾ മുഖേന (FRC) 43237 അപേക്ഷകൾ ലഭിച്ചതിൽ 26766 അപേക്ഷകൾ DLC പാസ്സാക്കി നൽകിയിട്ടുണ്ട്. 26256 പേർക്ക് 34682.13 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ബാക്കിയുള്ളതിൽ DLC പാസ്സാക്കിയ 510 അപേക്ഷകളിൽ കൈവശാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 11,701 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6171 അപേക്ഷകൾ പുതിയതായി ലഭിക്കുകയും മുമ്പ് DLC പാസ്സാക്കിയത് ഉൾപ്പെടെ 1311 പേർക്ക് 1608.75 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. 4326 അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേ നടപടികളും നടന്നു വരുകയാണ്. |
| ബി) | വന സംരക്ഷണം ആദിവാസികളെ ഏല്പിക്കണമെന്ന വനാവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | ബി) | വന സംരക്ഷണം ആദിവാസികളെ ഏല്പിക്കണമെന്ന വനാവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം സംസ്ഥാനമൊട്ടാകെ 661 FRC-കൾ രൂപീകരിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കാത്തതിന്റെ കാരണം അധികൃതരുടെ ഭാഗത്ത് നിന്നുള്ള നിസ്സഹകരണവും താല്പര്യക്കുറവുമാണെന്ന | സി) | വനാവകാശ കമ്മിറ്റികൾ കൂടിയാണ് പുതിയ അപേക്ഷകൾ ഗ്രാമസഭയ്ക്ക് ശിപാർശ ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുന്ന അവസരത്തിൽ 579 വനാവകാശ കമ്മിറ്റികളാണ് |

| | | | |
|---|---|---|---|
| | ആക്ഷേപം പരിഗണിച്ച് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തി കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | ഉണ്ടായിരുന്നത്. നിർജ്ജീവമായ FRC-കൾ പുനഃസംഘടിപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിനെ തുടർന്ന് ആയവ പുനരുജ്ജീവിപ്പിക്കുകയും, സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പുതിയതായി 82 FRC-കൾ കൂടി രൂപീകരിക്കുകയും ചെയ്തശേഷം നിലവിൽ 661 FRC-കൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. വനാവകാശ കമ്മിറ്റികളുടെ അടിയന്തിര ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്നതിന് പി.ഒ/റ്റി.ഡി.ഒ-മാർക്ക് നിർദ്ദേശം നൽകി അവയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെമ്പർമാർക്ക് പരിശീലന ക്ലാസ്സുകൾ നൽകുന്നതിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ഉദ്യോഗസ്ഥർക്കും, വനാവകാശ സമിതി അംഗങ്ങൾക്കും ഈ മേഖലയിലെ വിദഗ്ധരെ ഉപയോഗിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വനാവകാശ കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**